## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2691 — 19/02/2016 ൽ മറുപടിയ്ക്ക്

## ചികിത്സ ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കെ.ജയചന്ദ്രൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ വച്ച് നടത്തിയ റവന്യൂ അദാലത്തിൽ ചികിത്സ ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ഇതിൽ എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തു; | (എ) യും (സി) യും<br>ഇടുക്കി ജില്ലയിൽ വച്ച് നടത്തിയ റവന്യൂ അദാലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 867 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ അർഹരായ 558 അപേക്ഷകർക്ക് ജി.ഒ(ആർ.റ്റി) നം. 2864/15/റവ തീയതി, 2/5/2015 പ്രകാരവും പിന്നീട് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ രണ്ട് പേരും ഉൾപ്പെടെ ആകെ 560 പേർക്ക് ധനസഹായം അനുവദിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) റവന്യൂ അദാലത്തിൽ ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച പലർക്കും ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പരിശോധിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും നിമിത്തം തുക വിതരണത്തിൽ കാലതാമസം നേരിടാറുണ്ട്. |
| (സി) അപേക്ഷകർക്കെല്ലാം ചികിത്സ ധനസഹായം അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ